മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനുവരി 17

# വാർത്താക്കുറിപ്പ് (1)

---

*ഗ്ലോബൽ അക്കാദമിക് കാർണിവൽ തുടങ്ങി*

## എം.ജി സർവകലാശാല നൂതന അറിവന്വേഷണങ്ങളുടെ വഴിയിയിൽ -മന്ത്രി ഡോ. ആർ. ബിന്ദു

നൂതനമായ അറിവന്വേഷണങ്ങളുടെ വഴിയിലാണ് മഹാത്മാ ഗാന്ധി സർവകലാശാലാ മുന്നോട്ടു പോകുന്നതെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. സർവകലാശാല സംഘടിപ്പിച്ച ഗ്ലോബൽ അക്കാദമിക് കാർണിവൽ യുനോയ 2023 ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തിലെ മറ്റേത് സർവകലാശാലയ്ക്കും മാതൃകയാക്കാവുന്ന പ്രവർത്തനങ്ങൾ എം.ജി സർവകലാശാലാ ഏറ്റെടുത്തു നടത്തുന്നത് അഭിനന്ദനാർഹമാണ്. കാലത്തിന്റെ മാറ്റത്തിനൊത്ത് സർവതലസ്പർശിയായ കാഴ്ച്ചപ്പാടോടെ പ്രവർത്തിക്കുന്ന വൈസ് ചാൻസലർ പ്രഫ. സാബു തോമസിന്റെ നേതൃത്വത്തിൽ സർവകലാശാല നടത്തുന്ന പുതിയ കാൽവയ്പ്പാണ് ഗ്ലോബൽ അക്കാദമിക് കാർണിവൽ.

അടിസ്ഥാന മേഖലകളിൽ നമ്മുടെ നാട് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഉപകരിക്കുന്ന ഗവേഷണങ്ങൾക്ക് പിന്തുണയും പ്രോത്സാഹനവും നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ജീവിതത്തിലെ ഏറ്റവും സർഗമാത്മകമായ ഘട്ടത്തിൽ ആഴത്തിലുള്ള പഠനങ്ങളിലൂടെയും അന്വേഷണങ്ങളിലൂടെയും മികച്ച കണ്ടുപിടുത്തങ്ങൾ നടത്തുന്ന വിദ്യാർഥികൾക്കൊപ്പം നിൽക്കുന്നതിന് സർവകലാശാലകൾക്കും സർക്കാരിനും ഉത്തരവാദിത്വമുണ്ട്.

ഈ രംഗത്ത് നിർണായക സംഭാവന നൽകാൻ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് സാധിക്കും. നാനോ ടെക്നോളജി ഉൾപ്പെടെയുള്ള മേഖലകളിൽ എം.ജി സർവകലാശാല കൈവരിച്ച ഗവേഷണ നേട്ടങ്ങൾ അഭിനന്ദനമർഹിക്കുന്നു.

ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് മുൻഗണന നൽകിക്കൊണ്ടുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളിലൂടെ സർവകലാശാലകളിലെയും കലാലയങ്ങളിലെയും പശ്ചാത്തല സൗകര്യങ്ങളിൽ ഗണ്യമായ വികസനമുണ്ടായി. കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന കരിക്കുലം പരിഷ്കരിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടന്നുവരികയാണ്. ഭാവിയിൽ നമ്മുടെ ഉന്നത വിദ്യാഭ്യാല മേഖലയെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്താനാകുമെന്ന് ഉറപ്പുണ്ട്-മന്ത്രി കൂട്ടിച്ചേർത്തു.

കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ നടന്ന ചടങ്ങിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ പ്രദർശനത്തിന്റെയും സെമിനാറുകളുടെയും പുസ്തകോത്സവത്തിന്റെയും ഉദ്ഘാടനം തോമസ് ചാഴികാടൻ എം.പി നിർവഹിച്ചു. ചലച്ചിത്രോത്സവം നടി സുരഭി ലക്ഷ്മിയും സാംസ്കാരികോത്സവം സംവിധായകൻ ലാൽ ജോസും ഉദ്ഘാടനം ചെയ്തു.

എം.ജി സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, പ്രോ -വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, സാഹിത്യ പ്രവർത്തക സഹകരണ സംഘം പ്രസിഡന്റ് പി.കെ. ഹരികുമാർ, സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ പ്രഫ. പി. ഹരികൃഷ്ണൻ, രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ യൂണിവേഴ്സിറ്റി യൂണിയൻ ചെയർപേഴ്സൺ ജിനീഷ രാജൻ എന്നിവർ പങ്കെടുത്തു.

വിവിധ മേഖലകളിൽ നൂതന ആശയങ്ങൾ പ്രവൃത്തിപഥത്തിലെത്തിച്ച പ്രതിഭകളെ ചടങ്ങിൽ ആദരിച്ചു.

(പി.ആർ.ഒ./39/ 62/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**